REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-01-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അടുത്ത അഞ്ച് വർഷങ്ങളിൽ ISRO നൂറ് ദൗത്യങ്ങൾ നടത്തുമെന്ന് ചെയർമാൻ V.നാരായണൻ.**
- **വഖഫ് ഭേദഗതി ബിൽ പരിശോധിക്കുന്ന സംയുക്ത പാർലമെന്ററി സമിതിയുടെ അന്തിമ യോഗം ഇന്ന് ന്യൂ ഡൽഹിയിൽ.**
- **നെന്മാറ ഇരട്ടക്കൊലപാതകം ആസൂത്രിതമായിരുന്നുവെന്ന് പാലക്കാട് ജില്ലാ പൊലീസ് സൂപ്രണ്ട് SP അജിത്കുമാർ.**
- **കോൺഗ്രസിന്റെ മഹാത്മാഗാന്ധി കുടുംബസംഗമങ്ങൾക്ക് സംസ്ഥാനത്ത് നാളെ തുടക്കമാകും.**
- **ദേശീയ ഗെയിംസ് വാട്ടർ പോളോയിൽ ഇന്ന് കേരളം മത്സരിക്കും.**

## വാർത്തകൾ വിശദമായി

അടുത്ത അഞ്ച് വർഷങ്ങളിൽ ISRO നൂറ് ദൗത്യങ്ങൾ നടത്തുമെന്ന് ഇസ്രോ ചെയർമാൻ V.നാരായണൻ ന്യൂഡൽഹിയിൽ അറിയിച്ചു. ഇന്നത്തെ NVS -02 വിക്ഷേപണത്തോടെ ISRO നൂറ് വിക്ഷേപണങ്ങൾ പൂർത്തിയാക്കിയിരുന്നു. 46 വർഷം കൊണ്ടാണ് ഇത്രയും വിക്ഷേപണങ്ങൾ നടത്തിയത്. ചന്ദ്രയാൻ മൂന്നും നാലും ഉൾപ്പെടെ ദൗത്യങ്ങൾ ഈ വർഷം തന്നെ ഉണ്ടാകുമെന്നും V നാരായണൻ പറഞ്ഞു. രണ്ട് വർഷത്തിനകം കുലശേഖരപട്ടണത്ത് ലോഞ്ച്പാഡിന്റെ എല്ലാ നിർമ്മാണ ജോലികളും പൂർത്തിയാകും. പിന്നീട് അവിടെ നിന്നായിരിക്കും സുപ്രധാന വിക്ഷേപണങ്ങൾ എല്ലാം തന്നെയെന്നും ചെയർമാൻ അറിയിച്ചു.

✪✪✪

വഖഫ് ഭേദഗതി ബിൽ പരിശോധിക്കുന്ന സംയുക്ത പാർലമെന്ററി സമിതി ഇന്ന് ഡൽഹിയിൽ യോഗം ചേർന്ന് അന്തിമ ഭേദഗതികൾ ചർച്ച ചെയ്യും. വൈകിട്ടോടെ അന്തിമ കരട് റിപ്പോർട്ട് തയ്യാറാക്കിയേക്കുമെന്നാണ് സൂചന. തിങ്കളാഴ്ച ചേർന്ന JPC യോഗം ഭരണകക്ഷി അംഗങ്ങൾ മുന്നോട്ട് വെച്ച 14 ഭേദഗതികൾക്ക് അംഗീകാരം നൽകിയിരുന്നു. സമിതിയിലെ പ്രതിപക്ഷ MPമാർ നിർദേശിച്ച 44 ഭേദഗതികൾ തള്ളി. ഭേദഗതികളിൽ ഇന്ന് സമിതി വോട്ടെടുപ്പ് നടത്തിയേക്കും. സമിതിയുടെ അന്തിമ യോഗമാണ് ഇന്നത്തേതെന്ന് JPC അധ്യക്ഷൻ ജഗദംബിക പാൽ ഡൽഹിയിൽ നേരത്തെ അറിയിച്ചിരുന്നു.

✪✪✪

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ് ഇന്ന് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടക്കും. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

പ്രയാഗ് രാജ് മഹാകുംഭമേളയ്ക്കിടെ ഉണ്ടായ അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം അറിയിച്ചു. അപകടത്തിൽപെട്ടവരുടെ കുടുംബാംഗങ്ങളെ പ്രധാനമന്ത്രി സമാശ്വസിപ്പിച്ചു.

കുംഭമേളയ്ക്കിടെ ഉണ്ടായ തിക്കിലും തിരക്കിലും ഏതാനും പേർ മരിച്ചതായി സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്.

മഹാകുംഭമേളയിലെ രണ്ടാം അമൃതസ്നാനം തുടരുകയാണ്. ആദ്യ അമൃതസ്നാനം ഈ മാസം പതിനാലിനായിരുന്നു.

ഡെസ്ക് റിപ്പോർട്ട്.

......വോയ്സ്........

ഇന്നലെ മൗനി അമാവാസ്യവേളയിൽ തിക്കിലും തിരക്കിലും ഒട്ടേറെ പേർക്ക് പരിക്കേറ്റതായി റിപ്പോർട്ടുണ്ട്. എന്നാൽ പ്രയാഗ്-രാജിലെ സ്ഥിതി നിയന്ത്രണവിധേയമാണെന്നും ഊഹാപോഹങ്ങൾ വിശ്വസിക്കരുതെന്നും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അഭ്യർത്ഥിച്ചു. കോടിക്കണക്കിന് തീർത്ഥാടകർ ത്രിവേണി മുഖത്തേക്കെത്തിയപ്പോൾ ഉണ്ടായ തിക്കിലും

തിരക്കിലുമാണ് ഏതാനും പേർക്ക് സാരമായി പരുക്കേറ്റതെന്ന് അദ്ദേഹം പറഞ്ഞു.

അപകടമുണ്ടായെന്ന വാർത്തകളെ കുറിച്ച് പ്രധാനമന്ത്രി നേരന്ദ്രമോദി യോഗി ആദിത്യനാഥുമായി ടെലഫോണിൽ വിവരങ്ങൾ ആരാഞ്ഞിരുന്നു. മഹാകുംഭമേളയ്ക്ക് തീർത്ഥാടക പ്രവാഹം തുടരുകയാണെന്നും വിശ്വാസികൾ ഏറ്റവും അടുത്ത ഗംഗാസ്നാന ഘട്ടത്തിൽ സ്നാനം നടത്തിയാൽ മതിയെന്നും ത്രിവേണി മുഖത്തേക്ക് എത്തേണ്ട ആവശ്യമില്ലെന്നും യോഗി ആദിത്യനാഥ് പറഞ്ഞു.

വിവിധ അഖാഡകളിലെ സന്ന്യാസിമാർ ത്രിവേണി സംഗമത്തിലേക്ക് നടത്താനിരുന്ന തീർത്ഥയാത്ര ഒഴിവാക്കിയതായി അറിയിച്ചു. പല പ്രമുഖ രാഷ്ട്രീയ നേതാക്കളും പ്രയാഗ്-രാജിലെ അപകടത്തിൽ ആശങ്ക അറിയിച്ചു.

✪✪✪

ഇന്ന് ദേശീയ മാധ്യമ ദിനം. 1780-ൽ ജെയിംസ് അഗസ്റ്റസ് ഹിക്കിയുടെ ബംഗാൾ ഗസറ്റ് എന്ന ഇന്ത്യയിലെ ആദ്യ പത്രത്തിന്റെ പ്രസിദ്ധീകരണം ആരംഭിച്ച ജനുവരി 29 ആണ് എല്ലാ വർഷവും ദേശീയ മാധ്യമ ദിനമായി ആചരിക്കുന്നത്.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് മാധ്യമദിനാഘോഷം സംഘടിപ്പിക്കും. തിരുവനന്തപുരത്ത് നിയമസഭാ സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪

നെന്മാറ ഇരട്ടക്കൊലപാതകം ആസൂത്രിതമായിരുന്നുവെന്ന നിഗമനമാണ് പൊലീസിനെന്ന് പാലക്കാട് ജില്ലാ പൊലീസ് സൂപ്രണ്ട് SP അജിത്കുമാർ അറിയിച്ചു. കൊലപാതകത്തിന് ഉപയോഗിച്ച കത്തി എലവഞ്ചേരിയിൽ നിന്ന് ദിവസങ്ങൾക്ക് മുമ്പ് തന്നെ പ്രതി വാങ്ങി സൂക്ഷിച്ചിരുന്നു. ഭാര്യ വിട്ടുപോകാൻ കാരണക്കാർ സുധാകരന്റെ കുടുംബക്കാരാണെന്ന ധാരണയാണ് കൊലപാതകത്തിന് പിന്നിലെന്ന് പ്രതി മൊഴി നൽകിയതായും അദ്ദേഹം പറഞ്ഞു.

പ്രതി ചെന്താമരയെ ഇന്ന് കോടതിയിൽ ഹാജരാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ വിടും. രണ്ടോ മൂന്നോ ദിവസത്തിന് ശേഷം ഇയാളെ കസ്റ്റഡിയിൽ വാങ്ങി കുറ്റകൃത്യം നടത്തിയ രീതി പുനരാവിഷ്കരിച്ച് തെളിവെടുപ്പ് നടത്തുമെന്നും SP അറിയിച്ചു.

ചെന്താമരയെ പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ചോദ്യം ചെയ്തു. ആലത്തൂർ DYSP ഓഫീസിൽ കഴിയുന്ന പ്രതിയെ ഇന്ന് വൈകിട്ട് കോടതിയിൽ ഹാജരാക്കും.

2019 ൽ പോത്തുണ്ടി ബോയൻ കോളനിയിലെ സുധാകരന്റെ ഭാര്യ സജിതയെ കൊലപ്പെടുത്തിയ കേസിൽ ജാമ്യത്തിലിറങ്ങിയാണ് ചെന്താമര, അയൽവാസികളായ സുധാകരനെയും അമ്മ മീനാക്ഷിയെയും വെട്ടി കൊലപ്പെടുത്തിയത്.

✪✪✪

പാലക്കാട്ടെ വിവാദ ഡിസ്റ്റിലറിയെ സംബന്ധിച്ച ക്യാബിനറ്റ് നോട്ട് പ്രതിപക്ഷ നേതാവ് VD സതീശൻ പുറത്തുവിട്ടു. മറ്റൊരു വകുപ്പുമായും ആലോചിച്ചിട്ടില്ലെന്ന് മന്ത്രിസഭാ യോഗക്കുറിപ്പിൽ മന്ത്രി MB രാജേഷ് കുറിച്ചിട്ടുണ്ടെന്ന് സതീശൻ അറിയിച്ചു. ആരോപണ വിധേയമായ കമ്പനിയുടെ പ്രവർത്തനത്തെ പ്രശംസിക്കുന്ന തരത്തിലാണ് നോട്ട് തയ്യാറാക്കിയിരിക്കുന്നതെന്നും പ്രതിപക്ഷ നേതാവ് അറിയിച്ചു.

✪✪✪

പാലക്കാട്ടെ നിർദിഷ്ട മദ്യനിർമ്മാണശാല പദ്ധതി എല്ലാവരെയും വിശ്വാസത്തിലെടുത്തേ നടപ്പാക്കൂവെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ കണ്ണൂരിൽ അറിയിച്ചു. ഇക്കാര്യത്തിൽ CPI ഉൾപ്പെടെ എല്ലാവരുമായി ചർച്ച നടത്തും. പ്രതിപക്ഷം ഉൾപ്പെടെ എല്ലാവരുടെയും ആശങ്ക പരിഹരിക്കുമെന്നും മദ്യനയത്തിൽ ഗവൺമെന്റ് മാറ്റം വരുത്തിയിട്ടില്ലെന്നും സംസ്ഥാന സെക്രട്ടറി വ്യക്തമാക്കി.

ഡിസ്റ്റിലറിയുടെ ആദ്യഘട്ട ചർച്ചകൾ മാത്രമാണ് നടന്നത്. അവിടെ കുടിവെള്ള പ്രശ്നം ഉണ്ടാകില്ലെന്നും മഴവെള്ളം സംഭരിച്ചാണ് മദ്യനിർമ്മാണശാല പ്രവർത്തിക്കുകയെന്നും ഗോവിന്ദൻ പറഞ്ഞു.

കർണാടക സ്പിരിറ്റ് ലോബിക്ക് വേണ്ടിയാണ് കോൺഗ്രസ് ഇപ്പോൾ സംസാരിക്കുന്നതെന്ന് MVഗോവിന്ദൻ കുറ്റപ്പെടുത്തി.

✪✪✪

വന്യജീവി ഭീഷണി കണ്ണൂർ ജില്ലയിലെ മലയോരത്തെ ജനങ്ങളുടെ ആശങ്ക വർധിപ്പിക്കുന്നു. വളർത്തുമൃഗങ്ങൾ അജ്ഞാത ജീവിയുടെ ആക്രമത്തിന് ഇരയാവുന്നതും ജനങ്ങളെ അസ്വസ്ഥരാക്കുകയാണ്..

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

.....വോയ്സ്.........

ആറളം പഞ്ചായത്തിലെ ചതിരൂരിൽ കടുവയെ കണ്ടുവെന്നും കണിച്ചാർ പഞ്ചായത്തിൽ കാഞ്ഞിരപ്പുഴയിൽ പുലിക്ക് സമാനമായ ജീവിയെ

കണ്ടുവെന്നുമുള്ള പ്രചരണമാണ് ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്നത്. ചതിരൂരിൽ വളർത്തുനായകളെ അജ്ഞാത ജീവി പിടിച്ചുവെന്നും കാഞ്ഞിരപ്പുഴ ഭാഗത്ത് വന്യ ജീവിയുടെ കാൽപ്പാടുകൾ കണ്ടുവെന്നുമുള്ള വിവരത്തെ തുടർന്ന് വനം വകുപ്പ് വ്യാപകമായ പരിശോധന നടത്തി. ചതിരൂരിൽ കൂടും ക്യാമറയും സ്ഥാപിച്ചിട്ടുണ്ട്. 24 മണിക്കൂറും പരിശോധനയും നടത്തുന്നുമുണ്ട്. ഏതാനു ദിവസങ്ങളായി കണിച്ചാർ പഞ്ചായത്തിലെ ആറ്റാംചേരി, കല്ലടി, മാവടി,നെടുപുറം ചാൽ മേഖലകളിലെ ജനങ്ങൾ പുലിയുടെ ഭീതിയിലാണ്

✪✪✪

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയടക്കം പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ ലോജിസ്റ്റിക് മേഖലയുടെ വളർച്ച പലമടങ്ങ് വർദ്ധിക്കുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. ലോജിസ്റ്റിക്- വ്യവസായ പാർക്കുകൾക്ക് ഇളവ് നൽകി ഗവൺമെന്റ് വളർച്ചയെ പൂർണമായും പിന്തുണയ്ക്കുമെന്ന് അദ്ദേഹം ഫേസ് ബുക്കിൽ കുറിച്ചു. വിഴിഞ്ഞം, വല്ലാർപ്പാടം, അന്താരാഷ്ട്രവിമാനത്താവളങ്ങൾ, ജലപാതകൾ, മെച്ചപ്പെട്ട ദേശീയ പാതകൾ എന്നിവ കേരളത്തിന് അനുകൂല ഘടകങ്ങളാണെന്നും P രാജീവ് വ്യക്തമാക്കി.

✪✪✪

കൊച്ചി വാട്ടർ മേട്രോ കാക്കനാട് സ്റ്റേഷനെ കിൻഫ്ര - ഇൻഫോപാർക്ക്, കാക്കനാട് സിവിൽ സ്റ്റേഷൻ എന്നിവയുമായി ബന്ധിപ്പിക്കുന്ന മെട്രോ കണക്ട് ഇലക്ടിക് ബസ് ആരംഭിച്ചു. മൂന്ന് ബസുകളാണ് സർവീസിന് ഉപയോഗിക്കുന്നത്.

✪✪✪

മഹാത്മാഗാന്ധി കുടുംബസംഗമങ്ങൾക്ക് നാളെ മുതൽ തുടക്കമാകുമെന്ന് KPCC സംഘടനാ ചുമതല വഹിക്കുന്ന ജനറൽ സെക്രട്ടറി എം.ലിജു അറിയിച്ചു. അടുത്തമാസം 28 വരെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഗാന്ധിയൻ ആശയങ്ങൾ കൂടുതൽ പ്രചരിപ്പിക്കാനും കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ ജനവിരുദ്ധ നയങ്ങളും നടപടികളും ജനങ്ങളിലെത്തിക്കാനും കോൺഗ്രസിന്റെ ബഹുജനപിന്തുണ വർധിപ്പിക്കുന്നതിനുമായാണ് പരിപാടി നടത്തുന്നതെന്നും ലിജു അറിയിച്ചു.

✪✪✪

ഒരിടവേളക്ക് ശേഷം മൂന്നാറിൽ വീണ്ടും അതിശൈത്യം. മൂന്നാറിന്റെ പരിസരപ്രദേശങ്ങളിലെ ചിലയിടങ്ങളിൽ അന്തരീക്ഷ താപനില പൂജ്യം ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി.

കൂടുതൽ വിവരങ്ങളുമായി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

..........വോയ്സ് ...........

മാട്ടുപ്പട്ടി, ചെണ്ടുവര, ലക്ഷ്മി എസ്റ്റേറ്റ് എന്നിവിടങ്ങളിൽ പുലർകാലത്ത് അന്തരീക്ഷ താപനില പൂജ്യം ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. മൂന്നാഴ്ച്ചക്കുശേഷമാണ് മൂന്നാറിൽ താപനില വീണ്ടും പൂജ്യത്തിലെത്തുന്നത്. താപനില താഴ്ന്നതോടെ പ്രദേശത്ത് പുൽമേടുകളിൽ നേരിയ തോതിൽ മഞ്ഞ് വീഴ്ച്ചയുമുണ്ടായി. സെവൻമല, ദേവികുളം, നല്ലതണ്ണി എന്നിവിടങ്ങളിൽ കുറഞ്ഞ അന്തരീക്ഷ താപനില ഒരു ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. ഡിസംബർ അവസാനവും ജനുവരി ആദ്യവാരവും മൂന്നാറിൽ വലിയ തണുപ്പ് അനുഭവപ്പെട്ടിരുന്നു. പിന്നീട് അന്തരീക്ഷം മേഘാവൃതമാവുകയും തണുപ്പ് കുറയുകയുമായിരുന്നു. ഡിസംബർ അവസാന വാരവും ജനുവരി ആദ്യവാരവും സഞ്ചാരികളുടെ വലിയ തിരക്കാണുണ്ടായത്. തണുപ്പ് കുറഞ്ഞതോടെ സഞ്ചാരികളുടെ തിരക്കും കുറഞ്ഞിരുന്നു. വരും ദിവസങ്ങളിൽ ശൈത്യം തുടർന്നാൽ സഞ്ചാരികൾ കൂടുതലായി വീണ്ടും മൂന്നാറിലേക്കെത്തുമെന്നാണ് പ്രതീക്ഷ.

✪✪✪

ഡെറാഡൂണിൽ 38-ാമത് ദേശീയ ഗെയിംസിൽ കേരളം ഇന്ന് വനിതാ, പുരുഷ വാട്ടർ പോളോയിൽ മത്സരിക്കും. വനിതാ വിഭാഗം വാട്ടർ പോളോയിൽ കേരളം തമിഴ്നാടിനെയും പുരുഷന്മാർ മണിപ്പുരിനെയും നേരിടും.

മെഡൽ പ്രതീക്ഷയായ നീന്തൽ താരം സാജൻ പ്രകാശും ഇന്ന് മത്സരത്തിനിറങ്ങും. വോളിബോളിൽ കേരളത്തിന്റ പുരുഷ, വനിതാ ടീമുകളും, ബാസ്ക്കറ്റ് ബോളിൽ വനിതകളും ഇന്ന് കളത്തിലിറങ്ങും. പുരുഷ വിഭാഗം ഖൊ ഖൊ യിൽ രണ്ടാം മത്സരത്തിൽ കേരളം മഹാരാഷ്ട്രയെ നേരിടും. വനിതാ വിഭാഗം ബീച്ച് ഹാന്റ് ബോളിൽ മൂന്നാം മത്സരത്തിൽ ബംഗാളാണ് കേരളത്തിന്റെ എതിരാളി. റഗ്ബിയിൽ പുരുഷ വിഭാഗം മഹാരാഷ്ട്രയെയും വനിതാ വിഭാഗം ബംഗാളിനെയും നേരിടും.

വുഷു ഇനത്തിലും കേരളത്തിന് ഇന്നു മത്സരമുണ്ട്. പ്രദർശന മത്സരമായി കളരിയും ഇന്ന് ആരംഭിക്കും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഹൈദരാബാദ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഗുവാഹത്തിയിലാണ് മത്സരം.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ ഇന്ന് ഇറങ്ങും. FC ബെംഗളൂരുവാണ് എതിരാളികൾ.

വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

ദേശീയപാതയിൽ കണ്ണൂർ പുതിയ തെരുവിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി വെള്ളിയാഴ്ച മുതൽ ഫെബ്രുവരി നാല് വരെ അഞ്ച് ദിവസം പരീക്ഷണാടിസ്ഥാനത്തിൽ ഗതാഗത പരിഷ്കാരം നടപ്പാക്കും.

പുതിയ തെരുവിൽ എട്ടിന പരിഷ്കാരങ്ങളാണ് താൽക്കാലികമായി നടപ്പാക്കുക.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual New Reader : നിമിഷ ജി*
*DEO : സുബോധ് സി കെ*